# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യം 79-ാമത് സ്വാതന്ത്ര്യദിനാഘോഷ നിറവിൽ ; കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ രാജ്യം വിട്ടുവീഴ്ച ചെയ്യില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **The country is celebrating its 79th Independence Day; Prime Minister Narendra Modi says that the country will not compromise on protecting the interests of farmers and fishermen.**

2. ഈ വർഷം അവസാനത്തോടെ ഇന്ത്യയിൽ നിർമ്മിച്ച അർധചാലക ചിപ്പുകൾ പുറത്തിറക്കുമെന്ന് പ്രധാനമന്ത്രി, ചരക്കു സേവന നികുതി കുറയ്ക്കുമെന്നും പ്രഖ്യാപനം.

   **The Prime Minister announces that the semiconductor chips made in India will be launched by the end of this year, and the Goods and Services Tax will be reduce during Deepawali season**

3. ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് സ്വാതന്ത്ര്യദിന സന്ദേശത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ.

   **CM Pinarayi Vijayan, in his Independence Day message, urges people to work together to protect constitutional values.**

4. ജമ്മു കശ്മീരിലെ കിഷ്ത്വാറിൽ മേഘവിസ്ഫോടനത്തിൽ മരിച്ചവരുടെ എണ്ണം 60 ആയി; രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു, സ്ഥിതി ഗതികൾ വിലയിരുത്തി പ്രധാനമന്ത്രി.

   **Death toll in Kishtwar cloudburst reaches 60; Relief and rescue operation continues on war footing; Prime Minister takes stock of situation.**

5. യുക്രെയ്ൻ-റഷ്യ സമാധാന ചർച്ചകൾക്കായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായുള്ള കൂടിക്കാഴ്ച ഇന്ന്.

**US President Donald Trump to meet Russian counterpart Vladimir Putin in Alaska tonight for peace talks on Ukraine-Russia conflict.**

6. കേരളത്തിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരള, കർണാടക, ലക്ഷദ്വീപ് തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്.

**IMD predicts possibility of heavy rain and wind in Kerala for the coming days. Fishermen are advised not to venture along Kerala, Karnataka and Lakshadweep coasts.**

**&&&&&&&&&&&&&&&&&&&&**

# HEADLINE 1

## INDEPENDENCE DAY- INTRO

79-ാമത് സ്വാതന്ത്ര്യദിനം രാജ്യം സമുചിതമായി ആഘോഷിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു, ദേശീയ യുദ്ധ സ്മാരകത്തിലെത്തി ആദരമർപ്പിച്ചു. ഡൽഹിയിലെ ചുവപ്പുകോട്ടയിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് നേതൃത്വം നൽകി, ദേശീയ പതാക ഉയർത്തി. ഓപ്പറേഷൻ സിന്ദൂർ രാജ്യത്തിന്റെ സായുധ സേനയുടെ ധീരതയ്ക്കും കൃത്യതയ്ക്കുമുള്ള ശക്തമായ തെളിവാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. മികവുറ്റ ആയുധ സംവിധാനങ്ങൾ സജ്ജമാക്കുന്നതിനായി 'സുദർശൻ ചക്ര' എന്ന പേരിൽ ദൗത്യം നടപ്പിലാക്കുമെന്നും ശ്രീ മോദി പ്രഖ്യാപിച്ചു.

വിശദാംശങ്ങളിലേയ്ക്ക്.....

(വോയിസ്)

**&&&&&&&&&&&&&&&&&&&&**

## INDEPENDENCE DAY - VOICE

ഈ സ്വാതന്ത്ര്യദിനം പ്രതീക്ഷയുടെയും അഭിലാഷങ്ങളുടെയും ഉത്സവമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. 140 കോടി

ഇന്ത്യക്കാരുടെ ദൃഢനിശ്ചയത്തെയും രാജ്യം കൈവരിച്ച നേട്ടങ്ങളെയും അഭിമാനത്തോടെ സ്മരിക്കുന്ന സന്ദർഭമാണിതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കഴിഞ്ഞ 75 വർഷമായി ഇന്ത്യൻ ഭരണഘടന ജനങ്ങളെ അവരുടെ പാതയിലേക്ക് നയിക്കുന്ന ദീപസ്തംഭമായി നിലകൊള്ളുകയാണെന്നും ശ്രീ മോദി പറഞ്ഞു. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി രാജ്യം മണ്ണിടിച്ചിൽ, മേഘവിസ്ഫോടനം, തുടങ്ങി നിരവധി പ്രകൃതിദുരന്തങ്ങൾ, നേരിട്ടതായി പറഞ്ഞ പ്രധാനമന്ത്രി രക്ഷാ- ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒരുമിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കി .ഇന്ത്യയെ ഒരു സ്വാശ്രയ, വികസിത രാഷ്ട്രമാക്കാൻ സർക്കാർ നിരന്തരം പ്രവർത്തിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. സ്വയം പര്യാപ്തതയാണ് വികസിത ഭാരതം എന്ന ലക്ഷ്യത്തിന്റെ അടിത്തറയെന്നും ഇന്ത്യ എല്ലാ മേഖലകളിലും നൂതന ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുകയാണെന്നും ശ്രീ മോദി വ്യക്തമാക്കി. കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ ഇന്ത്യ ഒരിക്കലും വിട്ടുവീഴ്ച ചെയ്യില്ലെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. രാജ്ഘട്ട് സന്ദർശിച്ച് രാഷ്ട്രപിതാവ് മഹാത്മാഗാന്ധിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച ശേഷമാണ് പ്രധാനമന്ത്രി ചുവപ്പുകോട്ടയിലെത്തിയത്.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&&

## PM- VIKASIT ROZGAR YOJANA

രാജ്യത്തെ യുവജനങ്ങൾക്കായി ഏകദേശം ഒരു ലക്ഷം കോടി രൂപ വകയിരുത്തുന്ന പി എം വികസിത് ഭാരത് റോസ്ഗർ യോജന നടപ്പിലാക്കുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു. പദ്ധതിക്ക് കീഴിൽ, സ്വകാര്യ സ്ഥാപനങ്ങളിൽ ആദ്യമായി ജോലിക്ക് പ്രവേശിക്കുന്ന യുവജനങ്ങൾക്ക് ഒരു മാസത്തെ ഇപിഎഫ് വേതന ഇൻസെന്റീവായി പതിനയ്യായിരം രൂപ വീതം സർക്കാർ നൽകും. ഈ പദ്ധതി പ്രകാരം മൂന്ന് കോടി 50 ലക്ഷം ചെറുപ്പക്കാർക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

# HEADLINE 2

## PM- GST REFORMS (intro)

പുതുതലമുറ ജിഎസ്ടി പരിഷ്ക്കാരങ്ങൾ ഈ ദീപാവലിക്ക് അവതരിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചു. ചരക്ക് സേവന നികുതി നടപ്പിലാക്കി എട്ട് വർഷങ്ങൾക്ക് ശേഷം, ഈ സംവിധാനം പുനഃപരിശോധിക്കേണ്ട സമയമാണിതെന്ന് അദ്ദേഹം പറഞ്ഞു. പൗരന്മാർ നൽകുന്ന നികുതികൾ ഗണ്യമായി കുറയുമെന്നും ഇത് ചെറുകിട വ്യവസായങ്ങൾക്കും എംഎസ്എംഇകൾക്കും ഗുണം ചെയ്യുമെന്നും ദൈനംദിന ഉപയോഗ ഉൽപ്പന്നങ്ങളുടെ വിലകുറയുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഇത് രാജ്യത്തുടനീളമുള്ള നികുതി ഭാരം കുറയ്ക്കുമെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&

# HEADLINE 2 A

## PM SEMICONDUCTOR

ഇന്ത്യയെ സ്വാശ്രയ, വികസിത രാഷ്ട്രമാക്കി മാറ്റുന്നതിനായാണ് സർക്കാർ പ്രവർത്തിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. അർദ്ധചാലക ദൗത്യവുമായി രാജ്യം മുന്നോട്ട് പോവുകയാണ്. ഈ വർഷം അവസാനത്തോടെ, ഇന്ത്യയിൽ നിർമ്മിച്ച ഇലക്ട്രോണിക് ചിപ്പുകൾ വിപണിയിൽ ലഭ്യമാകും. ഊർജ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കേണ്ടതിൻറെ പ്രാധാന്യവും ശ്രീ. മോദി ഓർമ്മിപ്പിച്ചു. സൗരോർജ ഉത്പാദനത്തിൽ കഴിഞ്ഞ 11 വർഷങ്ങൾ കൊണ്ട് മുപ്പതിരട്ടി വർധനയുണ്ടായി. പത്ത് പുതിയ ആണവ റിയാക്ടറുകൾ ദ്രുതഗതിയിൽ സജ്ജമാവുകയാണ്. 2047 ഓടെ ആണവോർജ ഉത്പാദനം പത്തിരട്ടിയിലധികം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ട് പോകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## PM-GAGANYAAN

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്ന് തിരിച്ചെത്തിയ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയുടെ നേട്ടങ്ങളെ പ്രകീർത്തിച്ചുകൊണ്ട്, ഇന്ത്യയുടെ സ്വന്തം ബഹിരാകാശ നിലയത്തിനായുള്ള അഭിലാഷകരമായ പദ്ധതികൾ പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ബഹിരാകാശ മേഖലയിൽ ഇന്ത്യ ഗഗൻയാനിനായി തയ്യാറെടുക്കുകയാണെന്ന് ശ്രീ. മോദി പരാമർശിച്ചു. 300-ലധികം സ്റ്റാർട്ടപ്പുകൾ, ഉപഗ്രഹങ്ങൾ- പര്യവേക്ഷണം- അത്യാധുനിക ബഹിരാകാശ സാങ്കേതികവിദ്യകൾ എന്നിവയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE 3

## KERALA CM-INDEPENDANCE DAY

മനുഷ്യമനസ്സുകളുടെ ഒത്തൊരുമയാണ് ഇന്ത്യയുടെ അടിത്തറയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന സ്വാതന്ത്ര്യ ദിന പരേഡിൽ അഭിവാദ്യം സ്വീകരിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. രാഷ്ട്രപതിയുടെ പൊലീസ് മെഡലുകൾ, ഫയർ സർവീസ് മെഡലുകൾ, കറക്ഷണൽ സർവീസ് മെഡലുകൾ എന്നിവയ്ക്ക് അർഹരായവർക്കും മറ്റ് പുരസ്കാരങ്ങൾ നേടിയവർക്കും മുഖ്യമന്ത്രി മെഡലുകൾ സമ്മാനിച്ചു. പരേഡിൽ മികവുകാട്ടിയ പ്ലാറ്റൂണുകൾക്കുള്ള പുരസ്കാരങ്ങളും അദ്ദേഹം വിതരണം ചെയ്തു. രാജ് ഭവനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ത്രിവർണ പതാക ഉയർത്തി.

&&&&&&&&&&&&&&&&

## I DAY-STATES

രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും സ്വാതന്ത്ര്യദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. ഗുജറാത്തിൽ, മഹാത്മാഗാന്ധിയുടെ ജന്മസ്ഥലമായ പോർബന്ദറിൽ മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ ദേശീയ പതാക ഉയർത്തി. പഞ്ചാബിലെ ഫരീദ്കോട്ടിൽ നടന്ന സംസ്ഥാനതല ആഘോഷത്തിൽ മുഖ്യമന്ത്രി ഭഗവന്ത് സിങ്

മാൻ പങ്കെടുത്തു. തെലങ്കാനയിൽ മുഖ്യമന്ത്രി എ രേവന്ത് റെഡ്ഡിയും ചണ്ഡീഗഡിൽ പഞ്ചാബ് ഗവർണർ ഗുലാബ് ചന്ദ് കട്ടാരിയയും അമൃതസറിൽ BSF ഡയറക്ടർ ജനറൽ ദൽജീത് സിങ് ചൗധരിയും അട്ടാരി അതിർത്തിയിൽ DIG എസ് എസ് ചന്ദേലും ദേശീയ പതാക ഉയർത്തി. അസം, ബിഹാർ, ഛത്തീസ്ഗഡ്, ഒഡീഷ, മധ്യപ്രദേശ് എന്നിവിടങ്ങളിൽ വിപുലമായ പരിപാടികളാണ് സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&

## INDEPENDENCE DAY - LAKSHADWEEP

ലക്ഷദ്വീപിലും സ്വാതന്ത്ര്യദിനം വിപുലമായി ആഘോഷിച്ചു. അന്ത്രോത്ത് ദ്വീപിൽ സംഘടിപ്പിച്ച സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങിൽ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി ഗൗരവ് സിംഗ് രജാവത്ത് ദേശീയ പതാക ഉയർത്തി. സിക്കിമിലെ സൈനിക ക്യാംപിൽ മണ്ണിടിച്ചിലിൽ ജീവൻ നഷ്ടപ്പെട്ട അന്ത്രോത്ത് ദ്വീപ് സ്വദേശി ജവാൻ പി കെ സൈനുദ്ദീന് ചടങ്ങിൽ ശ്രദ്ധാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&

## INDEPENDENCE DAY CELEBRATIONS

യു എ ഇ -യിലെ ഇന്ത്യൻ സമൂഹവും 79-ാമത് സ്വാതന്ത്ര്യദിനം ആവേശത്തോടെ ആഘോഷിച്ചു. അബുദാബിയിലെ ഇന്ത്യൻ എംബസി, ദുബായിലെ ഇന്ത്യൻ കോൺസുലേറ്റ് ഉൾപ്പെടെ വിവിധ ഇടങ്ങളിൽ ദേശീയ പതാക ഉയർത്തൽ ചടങ്ങുകൾ, സാംസ്കാരിക പ്രകടനങ്ങൾ, എന്നിവ നടന്നു. മ്യാൻമറിൽ, യാങ്കോണിലെ ഇന്ത്യാ ഹൗസിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ നിരവധി ഇന്ത്യൻ പ്രവാസികൾ പങ്കെടുത്തു. ഫിലിപ്പീൻസിൽ,ഇന്ത്യൻ ഹൗസിൽ ഇന്ത്യൻ അംബാസഡർ ഹർഷ് കുമാർ ജെയിൻ ദേശീയ പതാക ഉയർത്തി. ഓസ്ട്രേലിയയിൽ, സിഡ്നിയിലെ ഇന്ത്യൻ കോൺസുലേറ്റിലും സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു. തായ്‌ലൻഡിൽ ബാങ്കോക്കിലെ ഇന്ത്യൻ എംബസിയിൽ നടന്ന ചടങ്ങിൽ ഇന്ത്യൻ അംബാസഡർ നാഗേഷ് സിംഗ് ദേശീയ പതാക ഉയർത്തി. 500-ലധികം ഇന്ത്യക്കാർ സംഗീത, നൃത്ത പ്രകടനങ്ങൾ അവതരിപ്പിച്ചു . ബംഗ്ലാദേശിലെയും ശ്രീലങ്കയിലെയും

ഇന്ത്യൻ ഹൈക്കമ്മീഷനിലും 79-ാമത് ഇന്ത്യൻ സ്വാതന്ത്ര്യദിനം ആഘോഷിച്ചു.

&&&&&&&&&&&&&&&&&&&&

## PRSAR BHARTI SEHGAL- FLAG HOISTING

79 -ആമത് സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ ദൂരദർശൻ ഭവനിൽ പ്രസാർ ഭാരതി ചെയർമാൻ നവനീത് സെഹ്ഗൽ ദേശീയ പതാക ഉയർത്തി. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വിശ്വസനീയമായ വിവരങ്ങളും ദേശസ്നേഹം എന്ന വികാരവും ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് ശ്രീ സെഹ്ഗൽ, ചടങ്ങിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## HEADLINE 4

## KISHTHWAR-CLOUD BURST

ജമ്മു കശ്മീരിലെ കിഷ്ത്വാറിൽ മേഘവിസ്ഫോടനത്തെയും വെള്ളപ്പൊക്കത്തെയും തുടർന്ന് ഉണ്ടായ സ്ഥിതിഗതികളെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയുമായും മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുമായും സംസാരിച്ചു. ദുരിതബാധിതരെ സഹായിക്കാൻ അധികൃതർ പ്രവർത്തിക്കുന്നുണ്ടെന്ന് സമൂഹമാധ്യമക്കുറിപ്പിൽ ശ്രീ മോദി പറഞ്ഞു. കിഷ്ത്വാർ ജില്ലയിൽ ഇന്നലെ ഉണ്ടായ മേഘവിസ്ഫോടനത്തിൽ രണ്ട് സിഐഎസ്എഫ് ഉദ്യോഗസ്ഥരും നിരവധി തീർത്ഥാടകരും ഉൾപ്പെടെ 60 പേർ മരിച്ചു. ഇതുവരെ 120 ലധികം പേരെ രക്ഷപ്പെടുത്തി. നിരവധി പേരെ കാണാതായിട്ടുണ്ട്. കൂടുതൽ ആളുകൾ അവശിഷ്ടങ്ങളിലും ചെളിയിലും കുടുങ്ങിക്കിടക്കുന്നതിനാൽ മരണസംഖ്യ ഉയർന്നേക്കാം. എസ്ഡിആർഎഫ്, പോലീസ്, സൈന്യം, പ്രാദേശിക സന്നദ്ധപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ രക്ഷാ പ്രവർത്തനം പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&&&

## HEADLINE 6

## RAIN -KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള തീരത്ത് മറ്റന്നാൾ വരെയും ലക്ഷദ്വീപ് തീരത്ത് ഈ മാസം 18 വരെയും കർണാടക തീരത്ത് 19 വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&

## HEADLINE 5

## TRUMP - PUTIN

യുക്രെയ്ൻ-റഷ്യ സംഘർഷത്തിൽ സമാധാന ചർച്ചകൾക്കായിഅമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപും റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനും ഇന്ന് കൂടിക്കാഴ്ച നടത്തും. അലാസ്കയിലെ ആങ്കറേജിലുള്ള യുഎസ് സംയുക്ത സൈനിക താവളത്തിലാണ് യോഗം. രാത്രി നടക്കുന്ന കൂടിക്കാഴ്ചയിൽ റഷ്യ തങ്ങളുടെ നിലപാട് വ്യക്തമാക്കുമെന്ന് വിദേശകാര്യ മന്ത്രി സെർജി ലാവ്റോവ് പറഞ്ഞു. രണ്ട് നേതാക്കൾ മാത്രം പങ്കെടുക്കുന്ന വ്യക്തിഗത സെഷനോടെയാണ് പുടിൻ-ട്രംപ് കൂടിക്കാഴ്ച ആരംഭിക്കുക. തുടർന്ന് ഇരുരാജ്യങ്ങളിൽ നിന്നും അഞ്ച് പ്രതിനിധികൾ പങ്കെടുക്കുന്ന വിപുലമായ ചർച്ചകളും നടക്കുമെന്ന് റഷ്യൻ വക്താവ് യൂറി ഉഷാക്കോവ് അറിയിച്ചു. യുക്രെയ്ൻ പ്രതിസന്ധി പരിഹരിക്കുന്നതിലും സമാധാനവും സുരക്ഷയും ഉറപ്പാക്കുന്നതിനും ഉള്ള ശ്രമങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

&&&&&&&

&&&